(ബി) ഇപ്പോൾ പ്രസ്തുത സംഘം എന്തെല്ലാം വിധത്തിലുള്ള ഇൻഷ്വറൻസ് ബിസിനസ് നടത്തിവരുന്നു;

(സി) അതിന്റെ വാർഷിക ടേൺ ഓവർ എത്രയെന്നും ലാഭം എത്രയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) സഹകരണ നിയമപ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള ഇൻഷ്വറൻസ് സംഘത്തിന്റെ പിരിച്ചെടുത്ത ഓഹരി മൂലധനം 2,05,79,300 രൂപ.

(ബി) ജനറൽ ഇൻഷ്വറൻസ് ഇടപാടുകൾ നടത്തുന്നതിന് ഇഫ്കോ-ടോക്യോ ജനറൽ ഇൻഷ്വറൻസ് കമ്പനിയുടെയും ലൈഫ് ഇൻഷ്വറൻസ് പ്രോഡക്ടുകൾ വിതരണം ചെയ്യുന്നതിന് എ.എം.പി.-സൻമാർ അഷ്വറൻസ് കമ്പനിയുടെയും കോർപ്പറേറ്റ് ഏജന്റായി പ്രവർത്തിക്കുന്നതിന് സഹകരണ ഇൻഷ്വറൻസ് സംഘം ധാരണാപത്രം ഒപ്പുവച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) സഹകരണ ഇൻഷ്വറൻസ് സംഘത്തിന്റെ താൽക്കാലിക ബാക്കിപത്ര പ്രകാരം 2000-01 വർഷത്തിൽ 12,318 രൂപയും 2001-02 വർഷത്തിൽ 13,03,225 രൂപയും 2002-03 വർഷത്തിൽ 26,42,426 രൂപയുടേയും അറ്റലാഭമുണ്ട്.

കുടിശ്ശിക നിവാരണത്തിന് വൺടൈം സെറ്റിൽമെന്റ് പദ്ധതി

138 [1277] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ കുടിശ്ശിക നിവാരണത്തിന്റെ ഭാഗമായി വൺടൈം സെറ്റിൽമെന്റ് പദ്ധതി എന്നുവരെയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) ഏത് തീയതിവരെയുള്ള കുടിശ്ശികകൾക്ക് ഇത് ബാധകമാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശപ്രകാരം പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ 31-3-2004 വരെ വൺടൈം സെറ്റിൽമെന്റ് പദ്ധതി അനുവദിച്ചിട്ടുണ്ട്. എന്നാൽ എന്തെങ്കിലും കാരണവശാൽ ടി തീയതിക്കകം ഒന്നിച്ച് തുക അടയ്ക്കാൻ സാധിക്കാതെ വരുന്ന വായ്പക്കാർക്ക് 31-3-2002-ലെ ബാക്കി നില്പ് വായ്പാ തുകയുടെ 10% 31-3-2004-ന് മുമ്പ് അടയ്ക്കാവുന്നതും ശേഷിക്കുന്ന തുക തുടർന്നുള്ള 10 പ്രതിമാസ തവണകളായി 12% പലിശയോടുകൂടി അടച്ചുതീർക്കാവുന്നതുമാണ്. സഹകരണ അർബൻ ബാങ്കുകളിൽ റിസർവ് ബാങ്കിന്റെ നിർദ്ദേശാനുസരണം 31-12-2003 വരെ വൺടൈം സെറ്റിൽമെന്റ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടായിരുന്നു. നബാർഡിന്റെ നിർദ്ദേശാനുസരണം സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളിൽ 31-3-2004 വരെ കാലാവധി നിശ്ചയിച്ചുകൊണ്ട് വൺടൈം സെറ്റിൽമെന്റ് പദ്ധതി നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നബാർഡിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകൾ 31-3-2000-ൽ സംശയാസ്പദവും നഷ്ടത്തിലായതും മൂന്ന് വർഷത്തിലധികമായി കുടിശ്ശികയായതുമായ വായ്പകൾക്കും റിസർവ് ബാങ്കിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി അർബൻ സഹകരണ ബാങ്കുകളിൽ 31-3-2001 വരെ കുടിശ്ശികയായ എല്ലാത്തരം വായ്പകൾക്കും, പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/സഹകരണ കാർഷിക വികസന ബാങ്കുകൾ എന്നിവയിൽ 31-3-2002 വരെ കുടിശ്ശികയായ വായ്പകൾക്കും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ബാധകമാക്കിയിട്ടുണ്ട്.

കർഷകർക്ക് വായ്പകൾ തിരിച്ചടയ്ക്കാൻ കൂടുതൽ സാവകാശം നൽകുന്നതിനുള്ള നടപടി

139 [1278] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഉല്പന്നങ്ങളുടെ മുൻകാലത്തുണ്ടായിരുന്ന ഭീമമായ വിലയിടിവ് നിമിത്തം കേരളത്തിലെ കർഷകർ കടക്കെണിയിലായിരുന്നു എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കർഷകർക്ക് വായ്പകൾ തിരിച്ചടയ്ക്കാൻ കൂടുതൽ സാവകാശം നൽകുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ടോ;

(സി) എങ്കിൽ, അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം കർഷകർക്ക് വായ്പ തിരിച്ചടയ്ക്കുന്നതിന് പിഴപ്പലിശ, അനാമത്ത് ചെലവ് എന്നിവ പൂർണ്ണമായും ഒഴിവാക്കുകയും പലിശയിളവും സാവകാശവും നൽകുന്നതിനോടൊപ്പം കാർഷിക കടക്കാർ (താൽക്കാലിക ആശ്വാസം) ആക്ട് പ്രകാരം 6 മാസത്തെ പലിശയിളവും നൽകിയിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിലെ സഹകരണ സംഘങ്ങളിൽനിന്നും കാർഷികാവശ്യത്തിന് എടുത്ത് കുടിശ്ശികയായ വായ്പകളിൽ ജപ്തി നടപടികൾ നിർത്തിവയ്ക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് കടപ്പുറത്ത് ഫിഷ്‌ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിന് നടപടി

140 [1279] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് കടപ്പുറത്ത് ഫിഷ്‌ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly